**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 16/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,
പ. സഭയുടെ ഉടമസ്ഥതയിലും നമ്മുടെ നേരിട്ടുള്ള നിയന്ത്രണത്തിലും പ്രവർത്തിച്ചവരുന്ന പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി അനുഗ്രഹകരമായി പ്രവർത്തിച്ചു വരുന്നു. മികവിന്റെ അംഗീകാരമായ NAAC അക്രഡിറ്റേഷനും സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾക്ക് NBA അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്.കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗിനും, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിനും NBA അംഗീകാരം ലഭിക്കുതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഈ അധ്യയന വർഷം നൂതനമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എഞ്ചിനീയറിംഗ് കോഴ്സ് കോളേജിൽ ആരംഭിക്കാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. അതോടൊപ്പം തന്നെ ഇടുക്കി ജില്ലയിലെ ആദ്യത്തെ ബിസിനസ് ഇൻകുബേറ്റർ ആയ എം. ഹൈവും, ഇടുക്കിയിൽ തന്നെ ആദ്യത്തെ റോബോട്ടിക്സ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഇന്നോവേഷൻ ലാബും എം. ബി. സി എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തനം ആരംഭിച്ചു.

പീരുമേട് എം. ബി. സി. എൻജിനീയറിങ് കോളേജിൽ 2023 വർഷം പഠനം വിജയകരമായി പൂർത്തിയാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും വിവിധ കമ്പനികളിലായി പ്ലേസ്മെന്റ് ലഭിക്കുകയുണ്ടായി. ഇത് നമുക്ക് അഭിമാനിക്കാവുന്ന തരത്തിൽ ഒരു നേട്ടമാണ്.

നമ്മുടെ സഭയിലെ എല്ലാ വൈദികർക്കും, മാനേജിങ് കമ്മിറ്റി അംഗങ്ങൾക്കും, പ്ലസ് വൺ, പ്ലസ് ടു പഠിക്കുന്ന വിദ്യാർത്ഥികൾക്കും കോളേജ് സന്ദർശിക്കുവാനും, പുതുതായി ആരംഭിച്ച റോബോട്ടിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ലാബ്, ബിസിനസ് ഇൻകുബേറ്റർ, ലാംഗ്വേജ് ലാബ് തുടങ്ങിയ എല്ലാ ലാബുകളും പരിചയപ്പെടുവാനുമായി ഒരു അവസരം ഒരുക്കുന്നു. മുൻകൂട്ടി അറിയിക്കുന്ന സംഘങ്ങൾക്ക് വാഹന സൗകര്യവും ആവശ്യമെങ്കിൽ താമസ സൗകര്യവും ക്രമീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും ക്രമീകരണങ്ങൾക്കുമായി കോളേജ് പബ്ലിക് റിലേഷൻസ് കം പ്ലേസ്മെന്റ് ഓഫീസർ നികിത് കെ. സക്കറിയയുമായി (ഫോൺ: 9747031624) ബന്ധപ്പെടാവുന്നതാണ്.

ആ ഇടവകയിലെ +1, +2 പഠനം നടത്തിവരുന്ന സയൻസ് വിദ്യാർത്ഥികളുടെ പൂർണ്ണവിവരം 9747031624 എന്ന വാട്സ്ആപ്പ് നമ്പറിലോ, കോളേജ് ഡയറക്ടർ പ്രിൻസ് വർഗീസിന്റെ പേരിൽ director@mbcpeermade.com എന്ന ഇ-മെയിൽ വിലാസത്തിലോ, Prince Varghese, Director - MBC College of Engineering and Technology, Pallikunnu PO. Kuttikanam, PIN 685531, 9061127243 എന്ന മേൽവിലാസത്തിലോ അയച്ചു നൽകേണ്ടതുമാണ്. (വെബ്സൈറ്റ് www.mbcpeermade.com.)

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2024 ജനുവരി മാസം 10-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**